## ഊർജതന്ത്രം – X-PART-1 CLASS 48







## കണ്ണും കാഴ്ചയും (Eye and Vision)




### നിയർ പോയിന്റ് (Near point)

**ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അടുത്തുള്ള ബിന്ദുവിനെ നിയർ പോയിന്റ് (Near point)എന്ന് പറയുന്നു. ആരോഗ്യമുള്ള കണ്ണുകൾക്ക് വ്യക്തമായ കാഴ്ചയുള്ള കുറഞ്ഞ ദൂരം 25 cm ആണെന്ന് കണക്കാക്കിയിരിക്കുന്നു.**

### ഫാർ പോയിന്റ് (Far point)

**ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അകലെയുള്ള ബിന്ദുവാണ് ഫാർ പോയിന്റ് (Far point). ഈ ദൂരം അനന്തമായി കണക്കാക്കപ്പെട്ടിരിക്കുന്നു**

### സമഞ്ജനക്ഷമത (power of Accommodation)

**വസ്തുക്കളുടെ സ്ഥാനം എവിടെയായിരുന്നാലും പ്രതിബിംബം റെറ്റിനയിൽ പതിക്കുന്ന വിധം ലെൻസിന്റെ വക്രത വ്യത്യാസപ്പെടുത്തി ഫോക്കസ് ദൂരം ക്രമീകരിക്കാനുള്ള കണ്ണിന്റെ കഴിവാണ് കണ്ണിന്റെ സമഞ്ജനക്ഷമത.**

### വർക്ക്ഷീറ്റ്

**a)** സാധാരണ ആരോഗ്യമുള്ള കണ്ണിന് നിയർ പോയിന്റിലേക്കുള്ള അകലമെത്രയാണ്? ?

**b)** സാധാരണ ആരോഗ്യമുള്ള കണ്ണിന് ഫാർ പോയിന്റേതാണ്?

**c)** നാം അടുത്തുള്ള വസ്തുക്കളിലും വിദൂര വസ്തുക്കളിലും നോക്കുമ്പോൾ പ്രതിബിംബം റെറ്റിനയിൽ തന്നെ ലഭിക്കുന്നതെങ്ങിനാണെന്ന് വിശദീകരിക്കുക